TB Movie Panel

**#comedymoviefest**

അയാൾ കഥ എഴുതുകയാണ്

എഴുതിയത് : Sandhya Naren

"കുപ്പിവള കിലുകിലെ കിലുങ്ങണല്ലോ..
കാൽത്തളകൾ കിലുകിലെ കിലുങ്ങണല്ലോ..."

മനോഹരമായ ഈ ഗാനം തീർച്ചയായും നമ്മളെ മലമുകളിലെ അതിമനോഹരമായ ദൃശ്യത്തിലേക്കു കൊണ്ട് പോകും.. സാഗർ കോട്ടപ്പുറം എന്ന നോവലിസ്റ്റും പ്രിയ എന്ന തഹസിൽദാരും ചേർന്നുള്ള ആ നൃത്തരംഗത്തിന്റെ പ്രത്യേകത, അതിൽ "നിങ്ങളൊക്കെ ആരാ .. ചോദിക്കാനും പറയാനും ആരുമില്ലേ?" എന്ന് ലാൽ ബാക്ക്ഗ്രൗണ്ട് ഡാൻസേഴ്‌സിനോട് ചോദിക്കുകയും, "ഞങ്ങളൊക്കെ ഡാൻസ് ചെയ്യാൻ വന്നതാ ... ഗ്രൂപ്പ് ഡാൻസ്.. " എന്ന് പറയുന്ന നൃത്തകരും "വീട്ടിൽ പോടീ.." എന്ന മറുപടിയും വളരെ കൗതുകം നിറഞ്ഞതായിരുന്നു- അന്നത്തെ പോപ്പുലർ ഡയലോഗ്.... പിന്നെ ഇന്നും എവിടെയെങ്കിലും പോകുമ്പോൾ ഞാൻ പറയാറുള്ള, "ചോയ്ച്ചു ചോയ്ച്ചു പോകാം..." എന്ന ഡയലോഗും..

ഒരു ബന്ധു വീട്ടിൽ എന്തോ ചടങ്ങിന് പോയപ്പോൾ ആണ് ഞാൻ ഈ സിനിമയെ പറ്റി ആദ്യം കേൾക്കുന്നത്. മോഹൻലാൽ മാക്സി ധരിച്ചു വരുന്ന സീനിനെ പറ്റി സിനിമ കണ്ട കസിൻസ് എല്ലാവരും പറഞ്ഞു ചിരിക്കുന്നത് കേട്ട് ഞാനും അമ്പരന്നു, അത് കൊള്ളാമല്ലോ. അന്നത്തെ സാഹചര്യം കൊണ്ട് തിയേറ്ററിൽ പോയി കാണാൻ കഴിഞ്ഞില്ല, ടീവിയിൽ വരുന്നത് വരെ കാത്തിരുന്നു. അങ്ങനെ ഒരു ഓണക്കാലത്തു "അയാൾ കഥയെഴുതുകയാണ്" ടീവിയിൽ വന്നു.

എന്നത്തേയും പോലെ സിദ്ദിഖിന്റെ കഥ, ശ്രീനിയുടെ തിരക്കഥയിൽ കമലിന്റെ സംവിധാന മികവിൽ മോഹൻലാൽ-ശ്രീനിവാസൻ കൂട്ടുകെട്ട് നിറഞ്ഞാടിയപ്പോൾ, അത്ര ശക്തമല്ലാത്ത ഒരു കഥ എങ്കിൽ കൂടി അത് മലയാളക്കര നിറഞ്ഞാസ്വദിച്ചു. എടുത്തു പറയേണ്ടത് ലാലിൻറെ അഭിനയം തന്നെയാണ്. ചടുലവും നാടകീയവും ആയ ഡയലോഗുകൾ, ലാലിൻറെ അവതരണ ശൈലി കൊണ്ട് സാഗർ കോട്ടപ്പുറമെന്ന മദ്യപാനിയായ പൈങ്കിളി നോവലിസ്റ്റിനെ നമ്മൾ ഇഷ്ടപ്പെട്ടു പോകും. അതിനു ഒപ്പത്തിനൊപ്പം നിൽക്കുന്ന പ്രകടനമാണ് പ്രിയ എന്ന മാനസിക രോഗിയായ കഥാപാത്രമായി നന്ദിനിയും കാഴ്ച വെച്ചത്.

സുഹൃത്തായ രാമകൃഷ്ണന്റെ വീടാണ് എന്ന് കരുതി സാഗർ ചെന്ന് കയറുന്നതു ഇനിയും ആ വീട് ഒഴിഞ്ഞിട്ടില്ലാത്ത പ്രിയയുടെ (നന്ദിനി)

ഭാവനത്തിലേക്കാണ്. തുടർന്നുണ്ടായ ഉരസലുകൾ അവർ തമ്മിലുള്ള ശത്രുതക്ക് ആക്കം കൂട്ടുന്നു. പ്രിയയെ തകർക്കുവാൻ സാഗർ "ഒരു ഗസറ്റഡ് യക്ഷി" എന്ന പേരിൽ നോവൽ എഴുതുവാൻ തുടങ്ങുന്നു. മഞ്ചാടി വീക്കിലിയുടെ പത്രാധിപർ മാമ്മച്ചൻ ആയി ഇന്നസെന്റും രാമകൃഷ്ണനായി ശ്രീനിവാസനും ഉടനീളം മിന്നി.

സിനിമയുടെ രണ്ടാം ഭാഗത്തിൽ രണ്ടു പേരുടെയും കഴിഞ്ഞ കാലം, ഇപ്പോൾ അവരുടെ പെരുമാറ്റം ഇങ്ങനെ ആകുവാനുള്ള കാര്യങ്ങളിലേക്ക് വെളിച്ചം വീശുന്നു. വിവാഹം കഴിക്കാൻ പോകുന്ന പെൺകുട്ടിയുടെ ഫോട്ടോ പോലും കാണാതെ, സങ്കല്പത്തിൽ കഴിഞ്ഞു, വിവാഹത്തിന് വേണ്ടി നാട്ടിൽ എത്തുമ്പോൾ അവൾ ഒളിച്ചോടി വിവാഹം മുടങ്ങി എന്നറിഞ്ഞു ഹൃദയം തകരുന്ന വിദ്യാസാഗർ, പ്രിയക്കാകട്ടെ അതിലും കയ്പ്പേറിയ ഭൂതകാലം. പ്ലസ് ടുവിന് പഠിക്കുമ്പോൾ തന്നെ മാനസിക വിഭ്രാന്തിക്കടിമപ്പെട്ട പ്രിയക്ക് തുടർന്നും മനസ്സിന്റെ താളം തെറ്റുന്നു.

കഥാന്ത്യത്തിൽ ഒരു നാടകീയ രംഗം ഒരുക്കി സൈക്കോളജിക്കൽ മൂവിലൂടെ പ്രിയയെ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ട് വരുകയാണ് വിദ്യാസാഗർ. ഈ ഒരു കഥാഭാഗം, മണിച്ചിത്രത്താഴിൽ സൈക്യാട്രിസ്റ്റ് സണ്ണി ഗംഗയെ ചികിത്സിക്കാൻ അവലംബിച്ച അതേ ടെക്നിക്കുമായി സാമ്യം തോന്നിയത് എനിക്ക് മാത്രമാണോ എന്തോ?

കൈതപ്രത്തിന്റെ രചനയിൽ രവീന്ദ്രൻ മാഷിന്റെ സംഗീത സംവിധാന മാധുര്യം നിറഞ്ഞ, ചിത്രത്തിലെ പാട്ടുകൾ എല്ലാം തന്നെ - "മരതക രാവിൽ .." "മാനെ...", "ഏതോ നിദ്ര തൻ..", "കുപ്പിവള..', "ആകാശ താമര പോലെ.." - സൂപ്പർ ഹിറ്റ് ആയിരുന്നു- ഡയലോഗുകൾ, പാട്ടുകൾ, പാട്ടിന്റെ വിഷ്വലുകൾ, എല്ലാം കൊണ്ട് നമ്മെ രസിപ്പിച്ച, 24 വർഷങ്ങള്ക്കു ശേഷവും ഇന്നും, എത്ര തവണ വേണമെങ്കിലും കണ്ടു രസിക്കാവുന്ന ഒരു ചിത്രം ആണ് അയാൾ കഥ എഴുതുകയാണ്.